**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ–മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 04/02/2021
ഇ–മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471–2332632

**സർക്കുലർ നം–EXC6/2021/EXCISE**

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ്–എൻ.ഡി.പി.എസ് കേസുകൾക്ക് സമയബന്ധിതമായി ഇൻവെന്ററി തയ്യാറാക്കി നൽകുന്നത്– സംബന്ധിച്ച്.

സൂചന: ബഹു. എക്സൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 05.01.2021–ൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

എൻ.ഡി.പി.എസ് നിയമം സെക്ഷൻ 52 A കുറ്റകൃത്യത്തിനനുബന്ധമായി കണ്ടുപിടിക്കപ്പെട്ട തൊണ്ടി വസ്തുക്കളും, വാഹനങ്ങളും മജിസ്ട്രേറ്റിനു മുമ്പാകെ ഇൻവെന്ററി തയ്യാറാക്കി ടി സെക്ഷന് അനുബന്ധമായി തയ്യാറാക്കപ്പെട്ട നോട്ടിഫിക്കേഷനിലെ അനുബന്ധം–1, അനുബന്ധം–2 എന്നിവയിലെ പ്രൊഫോർമ പ്രകാരം തയ്യാറാക്കി അധികാരപ്പെടുത്തപ്പെട്ട മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രം സഹിതം വിചാരണ കോടതി മുമ്പാകെ ഹാജരാക്കുവാൻ നിഷ്കർഷിക്കുന്നു. എന്നാൽ സമയബന്ധിതമായി ഈ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഡിസ്പോസൽ കമ്മിറ്റി മുമ്പാകെ തൊണ്ടി വസ്തുക്കൾ ഹാജരാക്കി ആയത് നശിപ്പിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കുന്നില്ലായെന്ന് കാണുന്നു. ഇതു വിചാരണ വേളയിൽ അത്തരം കേസുകളിൽ പ്രതിയെ കോടതി കുറ്റവിമുക്തനാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1.എൻ.ഡി.പി.എസ് കേസുകളിൽ തൊണ്ടി മുതലുകൾ കോടതി മുമ്പാകെ ഹാജരാക്കുന്നതോടൊപ്പം തന്നെ ഇൻവെന്ററി സെക്ഷൻ 52 A പ്രകാരമുള്ള നോട്ടിഫിക്കേഷനോടൊപ്പം നൽകിയിട്ടുള്ള മാതൃകയിൽ (അനുബന്ധം–1, 2) തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

2. ഇൻവെന്ററി എത്രയും പെട്ടന്നുതന്നെ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ എന്തെങ്കിലും കാലവിളമ്പം ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ട ഓഫീസർ നേരിട്ട് മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരായി ആയത് അടിയന്തിരമായി സാക്ഷ്യപ്പെടുത്തി ലഭിക്കുവാൻ അപേക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

3. തൊണ്ടി വസ്തുക്കൾ ഏതെങ്കിലും സാഹചര്യത്തിൽ ഓഫീസിൽ സൂക്ഷിക്കേണ്ടി വരികയാണെങ്കിൽ ആയതിലേക്കുള്ള ഉത്തരവ് മജിസ്ട്രേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ഓഫീസിൽ ആയത് ആരുടെ ചുമതലയിലും മേൽനോട്ടത്തിലുമാണ് സൂക്ഷിച്ചതെന്ന വിവരം ജനറൽ ഡയറിയിൽ രേഖപ്പെടുത്തേണ്ടതുമാണ് . ഇതിന്

അനുബന്ധമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൊഴി ശേഖരിച്ച് കംപ്ലയിന്റിനോടനുബന്ധമായി കോടതിയിൽ ഹാജരാക്കേണ്ടതുമാണ്.

4. തൊണ്ടി വസ്തുക്കളും വാഹനവും ഉണ്ടെങ്കിൽ ആയതിന്റെ കാര്യത്തിലും ഡിസ്പോസൽ കമ്മിറ്റി സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട സാക്ഷ്യപത്രത്തിന്റെ മൂന്ന് കോപ്പികൾ പ്രസ്തുത നോട്ടിഫിക്കേഷന്റെ (അനുബന്ധം-3) പ്രകാരമുള്ള മാതൃകയിൽ ഡിസ്പോസൽ കമ്മിറ്റി ചെയർമാന്റെ മേലൊപ്പ് വെച്ച് ആയതിന്റെ ഒരു കോപ്പി കേസ് ഫയലിൽ ലഭ്യമാക്കേണ്ടതുമാണ്.

5. മേലുദ്യോഗസ്ഥരുടെ ഓഫീസ് സന്ദർശന വേളയിൽ ഇക്കാര്യം പ്രത്യേകം വിലയിരുത്തേണ്ടതും മേൽ നടപടി ക്രമങ്ങൾ സമയനിഷ്ഠയോടെ പാലിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതും, വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ വിശദവിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേൽ കാര്യങ്ങൾ എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായി പാലിക്കേണ്ടതാണ്. ഓഫീസ് സന്ദർശിക്കുന്ന മേലുദ്യോഗസ്ഥർ ഇക്കാര്യം കൃത്യമായി വിലയിരുത്തി തുടർ നടപടി സ്വീകരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു.

S. AANANTHAKRISHNAN IPS
Signature valid
Digitally signed by AANANTHAKRISHNAN S
Date: 2021.02.04 [illegible] IST
Reason: Approved
**എക്സൈസ് കമ്മീഷണർ**

ഗ്രാഹകൻ

1. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
2. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ (എല്ലാം)
3. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ (എല്ലാം)